DESPATCHED On..30/08/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 593(3)/2020 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.9691/*എസ്.ഐ.സി–ജി 1/2020*)**

**സന്നിഹിതൻ**

**എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 25.08.2022**

**ശ്രീ.കെ.പി. അസീസ്,**
**ആയിഷ മൻസിൽ,**
**കണ്ണംകടവ്, വെള്ളയിൽ,**
**ഗാന്ധി റോഡ്, നടക്കാവ്,**
**കോഴിക്കോട്.** } **പരാതി ഹർജിക്കാരൻ**

**Vs.**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ,**
**കോഴിക്കോട് – 673 524.** } **എതിർകക്ഷി**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 22/07/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 26/09/2020 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 29/09/2020 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ നടക്കാവ്, ഗാന്ധി റോഡ്, ആയിഷ മൻസിലിൽ ശ്രീ. കെ.പി. അസീസ്, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് ടിയാന്റെ അയൽവാസിയായ ശ്രീമതി. സുബൈദ, സുബൈദയുടെ ഭർത്താവ് ശ്രീ. ഹുസൈൻ എന്നിവരുടെ വീട് സംബന്ധമായ ചില വിവരങ്ങളാണ്. ടി

അപേക്ഷയ്ക്ക് യഥാസമയം അപേക്ഷകന് മറുപടി ലഭിക്കാതിരുന്നതിനെ തുടർന്നാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 19.08.2022 തീയതിയിൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഈ പരാതി ഹർജി പരിഗണിച്ചു.

2. ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായി. ടി വിഷയത്തെ സംബന്ധിച്ച് റിപ്പോർട്ട് എതിർകക്ഷി ഹിയറിംഗ് വേളയിൽ സമർപ്പിച്ചു. ആയത് പരിശോധിച്ചതിൽ പരാതിക്കാരന് മുഴുവൻ വിവരവും നൽകിയിട്ടുള്ളതായി കാണുന്നു. അപേക്ഷകന് ടിയാൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ലഭ്യമായതായും മൊഴി നൽകയിട്ടുണ്ട്.

3. പരാതി ഹർജിക്കാരന് വിവരങ്ങൾ ലഭ്യമായതായി ഹിയറിംഗിൽ ഹാജരായി ബോധ്യപ്പെടുത്തിയ സാഹചര്യത്തിൽ ഈ ഫയലിലെ തുടർ നടപടികൾ അവസാനിപ്പിച്ച്, ഈ പരാതി ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 25–ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm